LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 ജനുവരി 31, തിങ്കൾ

വാല്യം CXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 2005 ജനുവരി മാസം 31-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ 1-ഉം 15-ഉം

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്മേൽ നടപടി

*1 [14] ശ്രീ. പി. കെ. അബ്ദുറബ്ബ്:
" കളത്തിൽ അബ്ദുള്ള:
" ടി. പി. എം. സാഹിർ:
" നാലകത്ത് സൂപ്പി:
" ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംവരണ തത്വമനുസരിച്ച് ഗവൺമെന്റ് നിയമനങ്ങളിൽ ചില സമുദായങ്ങൾക്ക് അർഹതപ്പെട്ട നിയമനം ലഭിച്ചിട്ടില്ലെന്ന് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഈ സംവരണ സമുദായങ്ങളുടെ ഗവൺമെന്റ് സർവ്വീസിലെ പ്രാതിനിധ്യക്കുറവ് നികത്തുന്നതിന് ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ റിപ്പോർട്ടിന്മേൽ നടപടിയെടുക്കാനുള്ള കാലതാമസം ഒഴിവാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണസ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റീസ് ശ്രീ. കെ.കെ. നരേന്ദ്രൻ ചെയർമാനായിട്ടുള്ള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് വിശദമായ ചർച്ചയ്ക്കായി നിയമസഭയുടെ മേശപ്പുറത്ത് വച്ചിരിക്കുകയാണ്. സുപ്രീം കോടതിയിൽ കേസ് നിലവിലുള്ളതുകൊണ്ടും അതുകാരണം നിയമ പ്രശ്നങ്ങൾ ഉണ്ടെന്നതും പരിഗണിച്ച് ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് സമവായമുണ്ടാക്കേണ്ടതുണ്ട്.

(ബി) പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റീസ് കെ.കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് വിശദമായ ചർച്ചയ്ക്കായി നിയമസഭയുടെ മേശപ്പുറത്ത് വച്ചിരിക്കുകയാണ്.

(സി) റിപ്പോർട്ട് പരിഗണനയിലാണ്.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

*2 [15] ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു:

„ കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ പിന്നോക്ക സമുദായ പ്രാതിനിധ്യത്തെ കുറിച്ച് പഠിക്കാൻ നിയോഗിച്ച നരേന്ദ്രൻ കമ്മീഷൻ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്;

(ബി) റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) റിപ്പോർട്ടിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) റിപ്പോർട്ടിൻപ്രകാരം സർക്കാർ സർവ്വീസിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്ക സമുദായങ്ങൾക്കുള്ള കുറവ് പരിഹരിക്കാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly